**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6218** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ വനപ്രദേശങ്ങളുടെയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് ഇനിയും അതിർത്തി നിർണ്ണയം പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ വനപ്രദേശങ്ങളുടെയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. ഇനിയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്ത വനം ഡിവിഷനുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. |

| സർക്കിൾ | വനാതിർത്തി നിർണ്ണയം ഇനിയു പൂർത്തീകരിച്ചിട്ടില്ലാത്ത വനം ഡിവിഷനുകൾ |
|---|---|
| സതേൺ സർക്കിൾ | തിരുവനന്തപുരം, തെന്മല |
| ഹൈറേഞ്ച് സർക്കിൾ | മാങ്കുളം, കോതമംഗലം. കോട്ടയം മൂന്നാർ |
| ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത്, മണ്ണാർക്കാട്, പാലക്കാട്, നെന്മാറ |
| നോർത്തേൺ സർക്കിൾ | കാസർകോഡ്, കോഴിക്കോട്, സൗത്ത് വയനാട്, നോർത്ത് വയനാട് |
| വൈൽഡ് ലൈഫ് പാലക്കാട് | സൈലന്റ് വാലി, പീച്ചി, വയനാട |
| എഫ്.ഡി.പി.റ്റി.കോട്ടയം | മൂന്നാർ വന്യജീവി സങ്കേതം, പെരിയാർ ഈസ്റ്റ് |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ |

| | | | |
|---|---|---|---|
| (ബി) | വനാതിർത്തി നിർണ്ണയം പൂർത്തീകരിക്കുന്നതിനും ആയതിന് ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | നിയമ തടസ്സങ്ങളോ മറ്റ് തടസ്സങ്ങളോ ഇല്ലാത്ത മേഖലകളിൽ വനാതിർത്തി നിർണ്ണയം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയും. ഡിജിറ്റൈസേഷനെ സംബന്ധിച്ച് സംസ്ഥാനത്ത് എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായി സർവ്വെ ആന്റ് ഭൂരേഖ വകുപ്പ് ആദ്യഘട്ടത്തിൽ ഡിജിറ്റൽ സർവ്വെയ്ക്കായി 200 വില്ലേജുകൾ, പരിഗണിച്ചതിൽ 38 വില്ലേജുകൾ വനഭൂമി ഉൾപ്പെടുന്നവയാണ്. പ്രസ്തുത 200 വില്ലേജുകളിൽ, ഡിജിറ്റൽ സർവ്വെ പൂർത്തിയായതായി സർവ്വെ ആന്റ് ഭൂരേഖ വകുപ്പ് അറിയിച്ചിട്ടുള്ള 125 വില്ലേജുകളിൽ വനഭൂമി ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണം 11 ആണ്. റവന്യൂവും, മറ്റ് |

| | | | |
|---|---|---|---|
| | | | വകുപ്പുകളുമായി വനാതിർത്തി പങ്കിടുന്ന മേഖലകളെ സംബന്ധിച്ച് 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുന്ന മുറയ്ക്ക് വനാതിർത്തിയുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ